(ബി) പ്രസ്തുത ഏജൻസികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാരിൽ നിന്ന് ലഭ്യമാക്കുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ അംഗീകൃത ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നഗരങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ പുതിയതായി സ്ഥാപിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കുന്നതിനും പദ്ധതി തയ്യാറാക്കി നൽകുന്ന നഗരസഭകൾക്ക് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 50%-വും വിവിധ തരത്തിലുള്ള കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയും സാമ്പത്തിക സഹായമായി നൽകിവരുന്നു.

കോഴിക്കോട് ജില്ലയിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ

83 (T7380) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നഗരസഭകളിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കുമോ ; ഇതിൽ ഓരോ നഗരസഭയും ചെലവഴിച്ച തുകയെത്രയെന്നറിയിക്കുമോ ;

(ബി) കോംപ്രിഹെൻസീവ് വേസ്റ്റ് മാനേജ്മെന്റ് സ്കീമിൽപ്പെടുത്തി 2011-12, 2012-13, 2013-14 വർഷങ്ങളിൽ കൊയിലാണ്ടി നഗരസഭയ്ക്ക് എന്തു തുക അനുവദിച്ചു ; നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) 2014-15 വർഷത്തിൽ കൊയിലാണ്ടി നഗരസഭയിൽ നടപ്പാക്കുന്ന വേസ്റ്റ് മാനേജ്മെന്റ് പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) മാലിന്യ സംസ്കരണത്തിന് പദ്ധതികൾ തയ്യാറാക്കി നൽകുന്ന നഗരസഭകൾക്ക് മാത്രമാണ് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നത്. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കി നൽകിയ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ പദ്ധതിക്ക് 43 ലക്ഷം രൂപയ്ക്കുള്ള സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100% സാമ്പത്തിക സഹായവും 2011-12, 2012-13 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ആയത് ചെലവഴിച്ച് പദ്ധതി നടപ്പിലാക്കേണ്ട ചുമതല നഗരസഭയിൽ നിക്ഷിപ്തമാണ്. ജില്ലയിലെ മറ്റ് നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക, നഗരസഭകൾ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അറിയിക്കുന്നതാണ്.

(ബി) കോംപ്രിഹെൻസീവ് വേസ്റ്റ് മാനേജ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കൊയിലാണ്ടി നഗരസഭയ്ക്ക് 43 ലക്ഷം രൂപയുടെ അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100% സാമ്പത്തിക സഹായമായ 43 ലക്ഷം രൂപയും 2011-12, 2012-13 കാലഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 35,05,400 രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 15,86,033 രൂപയും 2011-12 വർഷത്തിൽ കൊയിലാണ്ടി നഗരസഭയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) 2014-15 വർഷത്തിൽ കൊയിലാണ്ടി നഗരസഭ വേസ്റ്റ് മാനേജ്മെന്റ് പദ്ധതികളൊന്നും തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജെ.പി.എച്ച്.എൻ.-മാർക്കുള്ള പ്രൊമോഷൻ തസ്തികകൾ

84 (7381) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജെ.പി.എച്ച്.എൻ.-മാർക്കുള്ള പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെ എത്ര ജെ.പി.എച്ച്. എൻ.-മാർ ജോലി ചെയ്യുന്നുണ്ടെന്നും അവർ ഏതെല്ലാം നഗരസഭകളിലാണ് ജോലി ചെയ്യുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ നിയമനം ലഭിക്കുന്ന ജെ.പി.എച്ച്. എൻ.-മാർ അതേ തസ്തികയിലിരുന്നാണ് റിട്ടയർ ചെയ്യുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇവർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly